**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**
**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 244**

# ദിവ്യഗുരുവായ ആത്മാവ്

**ജൂൺ 6, 2024**

## ആത്മാവ് ദിവ്യഗുരുവായി

എല്ലാ മനുഷ്യർക്കും മനസ്സിന്റെ നിയന്ത്രണത്തിലുള്ള ഇന്ദ്രിയങ്ങൾ(senses) വസിക്കുന്ന ഒരു ശരീരമുണ്ട്. ബുദ്ധി മനസ്സിനെ മാറി മാറി ഭരിക്കുന്നു. ബുദ്ധിയുടെ യജമാനൻ, നാം ആത്മാവ്(*Atma*) അഥവാ പ്രജ്ഞാബോധം(consciousness) അഥവാ ചൈതന്യം(Spirit) എന്നു വിളിക്കുന്നതെന്തോ അതാകുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ഒരു തലത്തിൽ മനസ്സാണ് മാസ്റ്റർ, മറ്റൊരു തലത്തിൽ ബുദ്ധിയാണ് നിയന്ത്രിക്കുന്നത്, ഇനിയും വ്യത്യസ്തമായ ഒരു തലത്തിൽ, ആത്മാവാണ് പ്രഭു.




മനസ്സിനെ യജമാനനെന്നു കണ്ട് നടക്കുന്നവർ അവരുടെ പ്രകൃതത്തിൽ മൃഗസമാനരാകുന്നു, ജന്തുതുല്യരാകുന്നു. ബുദ്ധിയെ യജമാനനെന്നു കരുതുന്നവർ അവരുടെ പ്രകൃതത്തിൽ അഥവാ സ്വത്വത്തിൽ മനുഷ്യത്വമുള്ളവരാണ്. ആത്മാവിനെ യജമാനനായി കരുതുന്നവർ നിശ്ചയമായും ദിവ്യരാകുന്നു.

അപ്പോൾ, മൂന്ന് ഗുണങ്ങളുണ്ട്: ജന്തുസഹജമായത്-താമസികം, മാനവികമായത്-രാജസികം, പിന്നെ ദൈവികമായത്-സാത്വികം. നമുക്ക് ഓരോരുത്തർക്കും വ്യത്യസ്ത തലങ്ങളിലുള്ള ധാരണ, വ്യത്യസ്ത തലങ്ങളിലുള്ള ഗ്രഹണശക്തി,

വ്യത്യസ്ത തലങ്ങളിലുള്ള അനുഭവം, പിന്നെ വ്യത്യസ്ത തലങ്ങളിലുള്ള അവബോധം ആണുള്ളത്.

### മനസ്സ് ദ്വൈതത്തിന് കാരണം

മനസ്സ് ഇന്ദ്രിയങ്ങൾക്കു പുറകെ പായുന്നു. മനസ്സ് സദാ ഇന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്തുന്നതിന് ആഗ്രഹിക്കുന്നു. മനസ്സ് ശരീരത്തിന്റെ ആവശ്യങ്ങൾക്കും ആജ്ഞകൾക്കും വശംവദമാകുന്നതിന് ആശിക്കുന്നു. ഇതൊരു ജന്തു വാസന(animal quality)യാണ്.

മനസ്സ് ശരീരത്തിന്റെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള അതിന്റെ പ്രയത്നങ്ങളിൽ ആകപ്പാടെ ഉത്കർഷേച്ഛുവും വികാരാധീനവുമാണ്. അത് വളരെയധികം ഭാവമയമാണ്, നാം രാജസികഗുണം എന്നു വിളിക്കുന്നത് അത് പ്രകടിപ്പിക്കുന്നു.

നാം ബുദ്ധിയെ പിന്തുടരുമ്പോൾ, മനസ്സ് പിന്നെ യജമാനനാവില്ല. മനസ്സ് നമ്മെ താഴേക്ക് പിടിച്ചു വലിക്കുന്നു, എന്നാൽ നമ്മുടെ സഞ്ചാരം മുകളിലേക്കാവണം. മനസ്സ് യജമാനനാവുമ്പോൾ, അതെല്ലായ്പോഴും ശരീരത്തെ തൃപ്തമാക്കാനായി ശ്രമിക്കും. മനസ്സ് നിറയെ ആഗ്രഹങ്ങളാണ്, ഉത്കർഷേച്ഛയാണ്, തികച്ചും കാമാതുരമാണ്. അത് സ്വാഭാവികമായും ദ്വൈതാനുഭവങ്ങളിലേക്ക് നമ്മെ നയിക്കുന്നു.

ഒരു ദ്വൈതാനുഭവത്തിനും നമുക്ക് ചിരന്തന സന്തോഷം അഥവാ ശാശ്വതാനന്ദം



നൽകാനാവില്ല എന്തെന്നാൽ, ദ്വൈതം(duality) എന്നത് കേവലം താൽക്കാലികമാണ്. ദ്വൈതമെന്നത് കേവലം ക്ഷണികമാണ്. ഭഗവാന്റെ വാക്കുകളിൽ, "കേവലം കടന്നുപോകുന്ന മേഘങ്ങൾ." നന്മയും തിന്മയും സ്ഥിരമായി നിലനിൽക്കില്ല. ഈ നിമിഷം നാമനുഭവിക്കുന്ന സന്തോഷം മാഞ്ഞുപോയി, അത് ദു:ഖത്തിന് വഴിമാറാം. ഇപ്പോൾ നാം പുലർത്തുന്ന അന്തസ്സ് മായും; എന്നാൽ അത് നിലനിൽക്കുവോളം, നമുക്ക് സകല സുഖങ്ങളും സൗകര്യങ്ങളുമുണ്ടാവും.

മറ്റു തരത്തിൽ പറഞ്ഞാൽ, സുഖമോ ദു:ഖമോ ഏറെനാൾ നീളില്ല. അവയ്ക്ക് ചാക്രികപ്രകൃതമാണ്, ഒന്നിനു പുറകെ ഒന്നായി വരും. ആദ്ധ്യാത്മികതയുടെ വിരക്തമനോഭാവ(detached attitude)മാണ് ഇത്തരം ദ്വൈതാനുഭവങ്ങളുടെ നേർക്കുള്ള ശരിയായ മനോഭാവം എന്നു പറയാൻ അതാണ് കാരണം. കാമാതുരമായ മനസ്സ്, ഉത്കർഷേച്ഛുവായ മനസ്സ്, പ്രകൃത്യാ ലോകത്തിന്റെ പ്രഭാവത്താലും ശരീരത്തിന്റെ പ്രതികരണത്താലും സ്വാധീനിക്കപ്പെടുന്നു. ആനന്ദവേളകളിൽ, നാം സ്വാഭാവികമായും സ്വാർത്ഥരും വളരെ ഗർവ്വുള്ളവരുമാകും, നേരേമറിച്ച് പരാജയവേളകളിൽ, നാം വിഷണ്ണരും നിരാശരുമാവും.



നിലവിൽ മാസ്റ്ററായിരിക്കുന്ന ഈ മനസ്സാണ് ദ്വൈതാനുഭവങ്ങളു(dual experiences)ടെ കാരണമായിരിക്കുന്നത്. അതാണ് മനസ്സിന്റെ പിടിയിൽനിന്ന് രക്ഷപ്പെടാൻ രമണമഹർഷി ആളുകളെ പ്രോത്സാഹിപ്പിച്ചതിനു കാരണം. മനസ്സ് മാസ്റ്ററായിരിക്കുന്നിടത്തോളം, നാം അടിമകളാണ്. നാം രോഗികളാണ്. നാം സുഖമില്ലാത്തവരാണ്. നാം തടവുകാരാണ്. അതുകൊണ്ട്, നാം പറയേണ്ടിയിരിക്കുന്നു, "ദയവു ചെയ്ത് മനസ്സേ, മേലിൽ ഒരു മാസ്റ്റർ ആവരുത്. ആയിടത്തോളം മതി. ഇനി ബുദ്ധി ചുമതലയേൽക്കട്ടെ."




**ബുദ്ധി – മനസ്സിന്റെ മാസ്റ്റർ**

ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി ഈ ശ്രേണിയിൽ, ഏതാണ് നല്ലത്, ഏതാണ് ചീത്ത, ഏതാണ് ശരി, ഏതാണ് തെറ്റ്, എന്ന് വിവേചിച്ചറിയാനായി നമ്മോടു പറയുന്നത് ബുദ്ധിയാണ്-ഒരു തെർമോമീറ്റർ അഥവാ വെയിംഗ് മെഷീൻ യഥാക്രമം നമ്മുടെ ഊഷ്മാവ് അഥവാ ഭാരം തരുന്നതുപോലെ. സമാനമായി, ബുദ്ധി വിവേചിച്ചറിയുന്നു, പ്രവൃത്തി തീരുമാനിക്കുന്നു.

അതിനാൽ, നാം ബുദ്ധിയെ മാസ്റ്ററായി സ്വീകരിക്കുമ്പോൾ, മാനവമൂല്യങ്ങൾ ബാഹ്യമായി പ്രകടിപ്പിക്കപ്പെടാനുള്ള സാധ്യതയുണ്ട്. മനസ്സിന് മേൽക്കോയ്മയുള്ളപ്പോൾ, ജന്തുഗുണങ്ങൾ മേൽക്കൈ നേടാൻ ശ്രമിക്കും. എന്നാൽ, ബുദ്ധി തെളിയുമ്പോൾ, മാനവപ്രകൃതം മുമ്പോട്ടു വരും.

ഭഗവാന്റെ ദിവ്യപ്രഭാഷണങ്ങളിൽ മാനവമൂല്യങ്ങൾ വ്യക്തമായും ജീവൻ വയ്ക്കുന്നു. അവിടുത്തെ ദിവ്യസന്ദേശങ്ങളുടെ സൗരഭ്യമെന്നത് അഞ്ച് അടിസ്ഥാന മാനവ

മൂല്യങ്ങളാണ്: സത്യം, ധർമം, ശാന്തി, പ്രേമം, അഹിംസ(Truth, Righteousness, Peace, Love and Non-violence). ഈ അഞ്ച് മൂല്യങ്ങൾ പ്രകടമാവുക ബുദ്ധി ചുമതല ഏറ്റെടുക്കുമ്പോഴാണ്, അതുവരെ അതുണ്ടാവില്ല.

മനസ്സ് മാസ്റ്ററുടെ ചുമതലയിലുള്ള കാലത്തോളം, ഒരു നിലവാരത്തിലും നമ്മൾ മനുഷ്യരല്ല. മൃഗങ്ങൾക്കും മനസ്സുണ്ട്, അതുകൊണ്ട് മനസ്സെന്നത് മനുഷ്യജീവിയാണെന്നതിന്റെ സൂചനയോ അടയാളമോ മുഖമുദ്രയോ അല്ല. മനുഷ്യജീവികൾ എന്നു വിളിക്കപ്പെടുന്നതിന് നാം ആഗ്രഹിക്കുന്നുവെങ്കിൽ, നാം ബുദ്ധിയെ, മനസ്സിനു പകരം, നമ്മുടെ ജീവിതത്തിന്റെ യജമാനനാക്കണം.




നമ്മിലാരും തന്നെ ഇതിനൊരപവാദമല്ല. മനസ്സാണ് ജനനത്തിനും മരണത്തിനും, സുഖത്തിനും ദു:ഖത്തിനും കാരണമാവുന്നത്. മനസ്സ് സ്തുതിക്കും നിന്ദയ്ക്കും അഥവാ അങ്ങനെയെന്തുമായിക്കോട്ടെ അതിനും, പ്രതികരിക്കുന്നു.

### ആത്മാവ് ചിരന്തനം

ബുദ്ധിയിൽ നാം മാനവിക മൂല്യങ്ങളുടെ ആവിഷ്കാരം കാണുന്നു. എന്നിരുന്നാലും, മൂന്നാമതൊരു മാസ്റ്റർ ഉണ്ട്. ഇന്ദ്രിയങ്ങളുടെ മാസ്റ്റർ മനസ്സാകുന്നു; മനസ്സിന്റെ മാസ്റ്റർ

ബുദ്ധിയാകുന്നു; ആത്മാവ് ബുദ്ധിയെ നിയന്ത്രിക്കുന്നു. അതാണ് അന്തിമ യജമാനൻ, ഏറ്റവും ഉയർന്നവൻ. ആത്മാവ് അഥവാ പ്രജ്ഞാബോധം അഥവാ ചൈതന്യത്തിനു മീതെ മറ്റൊന്നുമില്ല. അത് സകല ഗുണങ്ങളിൽനിന്നും, മാനവികമാവട്ടെ, ജന്തുസഹജമാവട്ടെ, സ്വതന്ത്രമാണ്. ആരിലും പരിമിതപ്പെടാത്ത സ്ഥിതിക്ക്, അത് നിർഗുണവും ചിരന്തനവും സർവവ്യാപകവു(attributeless, eternal and all-pervasive)മാകുന്നു. എന്റെ ഉള്ളിലുള്ള ആത്മാവും നിങ്ങളുടെ ഉള്ളിലുള്ള ആത്മാവും ഒന്നുതന്നെയാകുന്നു. ആത്മാവ്(The Self) സമാനമാകുന്നു; ബുദ്ധി മാത്രം ഓരോ വ്യക്തിയിലും വ്യത്യാസപ്പെടുന്നു. ഒരു വ്യക്തിയുടെ ബുദ്ധി അയാളുടെ സ്വന്തം കർമങ്ങളെ ചിലപ്പോൾ പിന്താങ്ങിക്കൊണ്ടിരിക്കാം, തെറ്റുകൾ ഉണ്ടെങ്കിൽപ്പോലും.




ഒരുവൻ സ്കൂളിൽ അഥവാ ഓഫീസിൽ വൈകി ചെല്ലുന്നു, മേലുദ്യോഗസ്ഥരത് ചോദ്യം ചെയ്യുന്നു എങ്കിൽ, ബുദ്ധി വൈകിയെത്തിയതിനെ ന്യായീകരിക്കും, വിമർശനം അംഗീകരിക്കുകയോ കുറ്റസമ്മതം നടത്തുകയോ ചെയ്യില്ല. അത് ഒരുവന്റെ പെരുമാറ്റത്തെ പിന്താങ്ങിക്കൊണ്ട് ന്യായീകരിക്കും അഥവാ ക്ഷമാപണം കണ്ടെത്തും. മറ്റേതെങ്കിലും തരത്തിലുള്ള പഴിക്കലോ ചോദ്യം ചെയ്യലോ ഉണ്ടായാൽ, ബുദ്ധി അതിന്റെ തന്നെ പ്രയോജനത്തിനായി വിവേചനം(discrimination) ഉപ

യോഗപ്പെടുത്തും. ഒരുവൻ അവന്റെ സ്വന്തം ഈഗോ(ego-self) ന്യായീകരിക്കുന്നത്, പ്രതിരോധിക്കുന്നത് തുടർന്നുകൊണ്ടിരിക്കും. അപ്പോൾ, നമുക്കെല്ലായ്പോഴും ബുദ്ധിയെ പിന്തുടരാനാവില്ല. ബുദ്ധി ഒരു വ്യക്തിയിൽ നിന്ന് മറ്റൊരു വ്യക്തിയിലെത്തുമ്പോൾ വ്യത്യാസപ്പെടും.

ആളുകളുടെ മനസ്സുകളും വലിയ രീതിയിൽ, നിമിഷം തോറും, വ്യത്യാസപ്പെടുന്നു. മാനവമനസ്സ് സ്ഥിരമോ അചഞ്ചലമോ അല്ല. അത് ഏകതാനമല്ല, അത് ദോലനം ചെയ്തുകൊണ്ടിരിക്കും, വ്യതിചലിച്ചുകൊണ്ടിരിക്കും. പ്രശാന്തിനിലയത്തിനകത്ത്, നാം വളരെ പ്രേമമയരാവും, പക്ഷേ പുറത്ത് നാം നേരേ വിപരീതമാവാം. സ്വാമിയുടെ മുമ്പാകെ, നാം സ്നേഹത്തിന്റെ, ദയയുടെ, ആദ്ധ്യാത്മികതയുടെ ആൾരൂപമായേക്കാം.




സ്റ്റോർ അഥവാ കാന്റീൻ തുറക്കുന്ന ആ നിമിഷം, നാം മറ്റുള്ളവരെപ്പറ്റിയോർത്ത് ക്ലേശിക്കില്ല, നമ്മെ സേവിക്കുന്ന ആളുകളെപ്പറ്റിയും ശ്രദ്ധിക്കില്ല-നമുക്ക് മുൻഗണന

വേണം എന്നു മാത്രമാണ് നാം ആഗ്രഹിക്കുന്നത്. മനുഷ്യശരീരങ്ങളും, ഉയരത്തിലും വണ്ണത്തിലും നിറത്തിലും വ്യത്യസ്തങ്ങളാണ്. ഇരട്ടകൾകൂടി ഒരേപോലെയല്ല. പ്രകൃതത്തിൽ വൈവിധ്യം, സങ്കീർണത, ബഹുസ്വരത ഉണ്ട്. ശരീരങ്ങളുടെ, മനസ്സുകളുടെ, പ്രകൃതിയിലെ മറ്റു കാര്യങ്ങളുടെ, വൈവിധ്യവും തരവും അവിടുത്തെ മുഴുവൻ സൃഷ്ടിനാടകവും ഏറ്റം രസകരമാക്കുന്നു. ശരീരങ്ങൾ വ്യത്യസ്തമായിരിക്കുന്നതു കാരണം, നമ്മുടെ ചിന്തകളും വ്യത്യസ്തമായിരിക്കുന്നു. ഏറ്റവും താണ തലത്തിൽ, മനസ്സ് യജമാനനായിരിക്കുന്നു, ഇനി ബുദ്ധി വരുന്നു. മനസ്സിന് ബുദ്ധിയുടെ ആജ്ഞകളെ അനുസരിക്കേണ്ടതായുണ്ട്, എന്തെന്നാൽ ബുദ്ധിയാണ് ബോസ്.




ബുദ്ധി വിഭിന്ന വ്യക്തികളിൽ വിഭിന്നമായിരിക്കേ, ബുദ്ധിയുടെ മാസ്റ്റർ, അതായത് ആത്മാവ്, ചൈതന്യം, ചേതന( *Atma*, spirit or the Self), മാനവരിൽ സമാനമാകുന്നു, ഒരു കല്ലിൽ, ഒരു ജന്തുവിൽ, ചെടിയിൽ, അഥവാ കീടത്തിൽ—-വാസ്തവത്തിൽ, സൂക്ഷ്മജഗത്തു മുതൽ സ്ഥൂലജഗത്തു വരെ. ഒരേയൊരു വ്യത്യാസം എന്നത് വേഷത്തിൽ മാത്രം, എന്നാൽ അടിസ്ഥാന പ്രജ്ഞാബോധം(basic Consciousness) ഒന്നുതന്നെ. വ്യത്യസ്തതലങ്ങളിൽ ഓരോ മാസ്റ്ററുണ്ട്, എന്നാൽ ആത്മാവിനു മീതെ ഒരു മാസ്റ്ററില്ല എന്തെന്നാൽ, അത് രണ്ടാമതൊന്ന് ഇല്ലാത്തത്, അദ്വിതീയം ആകുന്നു.

## ഈശ്വരന് ആദിയോ അന്തമോ ഇല്ല

രണ്ടു പേരുള്ളപ്പോൾ സംഭാഷണം സാധ്യമാണ്. സംഭാഷണം, സൗഹൃദം, ശത്രുത ഇവ സംഭവിക്കാം. ആത്മാവ് മാത്രമാണ് ഈ വിശ്വം, സമസ്ത പ്രപഞ്ചവും, നിറയുന്ന ഒരേയൊരു കാര്യം. അത് വിഭിന്ന രൂപങ്ങൾ കൈക്കൊണ്ടിരിക്കുന്നു. ആത്മാവിനുപരിയായി മറ്റൊരു യജമാനനില്ല. ഈ ആശയത്തിൽനിന്നാണ് 'വിനായകൻ' എന്ന പദം രൂപപ്പെടുന്നത്. 'വിനായകൻ' എന്ന പദത്തിന്റെ അർത്ഥം 'അവിടുന്നിനുപരിയായി മറ്റൊരു നായകനില്ല' എന്നാണ്.

അപ്പോൾ, 'വിനായകൻ' എന്നത് നാം ഒരു ക്ഷേത്രത്തിൽ കാണുന്ന രൂപമല്ല. അത് കേവലം ആനത്തലയുള്ള, തുമ്പിക്കൈയുള്ള, ആകർഷകമായ കുടവയറുള്ള, കാണാൻ കൗതുകമുള്ള രൂപമല്ല. 'വിനായകൻ' എന്നത് നാം വെറുതെ ദർശിക്കുന്ന രൂപമല്ല. വിഗ്രഹത്തിൽനിന്ന്, അത് പ്രതിനിധീകരിക്കുന്ന ആശയത്തിലേക്ക് സഞ്ചരിക്കാൻ നാം പഠിക്കണം. വിനായക വിഗ്രഹം സ്വതന്ത്രമായ ആത്മാവിന്റെ ആദർശത്തെ പ്രതിനിധീകരിക്കുന്നു; വിശ്വാത്മാവ്; വിശ്വജനീനമായ ആത്മാവ്; ചിന്തനമായ, അമരമായ, കളങ്കഹീനമായ ആത്മാവ്; ആദിയോ അന്തമോ ഇല്ലാത്ത ആത്മാവ്.




അതാണ് ഭഗവാൻ അരുളുന്നത്, "വിനായകൻ ഒരിക്കലും ജനിച്ചിട്ടില്ല, ഇന്ന് നാം അവിടുത്തെ ജന്മദിനം ആഘോഷിക്കുകയാണെങ്കിലും. അവിടുന്ന് ഒരിക്കലും ജനിച്ചിട്ടില്ല. ഒരിക്കലും ജനിച്ചിട്ടില്ലാത്തവൻ ഒരിക്കലും മരിക്കുകയുമില്ല. ഈശ്വരന് ആദിയില്ല. ഈശ്വരന് അന്തവുമില്ല. ഈ ഈശ്വരൻ ആത്മാവാ(Self)കുന്നു അഥവാ പ്രജ്ഞാബോധ(Consciousness)മാകുന്നു. അതുകൊണ്ട്, അവിടുന്ന് ഒരിക്കലും ജനിച്ചിട്ടേയില്ല." തനിക്കുമീതെ മറ്റൊരു മേലാളനുമില്ലാത്ത വിനായകന് ഒരിക്കലും

ജനനം ഉണ്ടായിട്ടില്ല, ആദിയും അന്ത്യവും ഇല്ല. ഇത് ജഗദ്വിഷയകമാണ്. ഇത് സാർവ്വലൗകികമാകുന്നു.



പ്രഫ. അനിൽകുമാർ കൂടുതൽ സായി വിവേകം അടുത്ത ലക്കത്തിൽ പങ്കിടും! നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം!



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)                (തുടരും)

പ്രഫസർ അനിൽകുമാറിന്റെ 'സായി-കോളജി'(*Sai-Chology*)എന്ന രചനയെ ആധാരമാക്കി